(സി) അവശസമുദായക്രിസ്ത്യാനികൾക്കു ഈ ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ;

(ഡി) അവശസമുദായവിദ്യാർത്ഥികൾക്കായി ഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തിവരുന്ന ഹോസ്റ്റലുകൾ എത്ര? എവിടെയെല്ലാം;

(ഇ) അവശസമുദായക്രിസ്ത്യൻ വിദ്യാർത്ഥികൾക്കു ഈ വിധമുള്ള ഹോസ്റ്റലുകളിൽ എപ്പോഴെങ്കിലും പ്രവേശനം അനുവദിച്ചിരുന്നുവോ? ഇപ്പോൾ അപേക്ഷകൾക്കു അനുവാദം നൽകുന്നുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമായി മേശമേൽ വയ്ക്കാമോ;

(എഫ്) അവശസമുദായക്രിസ്ത്യൻ വിദ്യാർത്ഥികൾക്കു ഈ പ്രവേശനം അനുവദിക്കണമെന്നു കാണിച്ചു പ്രസ്തുത സമുദായപ്രതിനിധികൾ ഗവണ്മെന്റിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റു എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു?

HON'BLE MR. T. K. NARAYANA PILLAI: (*a*) Rs. 3,49,537 Chs. 13 Cash 10. The attention of the Hon'ble Member is invited to page 15 of the Administration Report for 1122 of the Department for the Uplift of Backward Communities.

(*b*) The information is given in detail on page 2 to 16 of the above report.

(*c*) Yes.

(*d*) Six. At Nagercoil, Trivandrum, Quilon, Adoor, Kottayam and Parur.

(*e*) No. Admission to hostels is generally restricted to candidates eligible for full fee concession.

(*f*) Yes. The matter is being considered by Government.

മുസ്ലീം ബാലികാസ്കൂൾ.

*310. **MR. MUHAMMED MUSTAFA:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം കണ്ണനല്ലൂർ, മുസ്ലീം ബാലികാസ്കൂൾ ഡിപ്പാർട്ടുമെന്റിലെ ഏതെങ്കിലും ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ ഈ അടുത്തകാലത്തു പരിശോധിച്ചിട്ടുണ്ടോ?

(ബി) ഈ സ്കൂളിനു ഗ്രാന്റു നൽകുന്നുണ്ടോ? അംഗീകാരമുണ്ടോ?

HON'BLE MR. N. KUNJURAMAN: (എ) ഉണ്ടു.

(ബി) ഉണ്ടു.

LIBRARY ARCHIVES Kerala Legislative Assembly